www.malankaralibrary.com

നവംബർ
2022
ലക്കം 10


# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



www.malankaralibrary.com

# എഡിറ്റോറിയൽ



## കാൽപന്ത് കളിയിൽ പ്രഘോഷിക്കപെടുന്ന ക്രിസ്തു സുവിശേഷം

**ലോ**കം കാൽപന്തുകളിയുടെ ആവേശത്തിലും ആരവങ്ങൾക്കിടയിലും ചലിച്ചുകൊണ്ടിരിക്കുകയാണ്. ലോകജനതയുടെ മനസ്സും ശരീരവും ഖത്തറിലെ കാൽപന്ത് കളിയുടെ ആവേശത്തിനൊപ്പം നടന്നു നീങ്ങുന്ന നാളുകളാണ് ഇപ്പോൾ നമ്മുടെ ഇടയിലുള്ളത്. മെസ്സിയും റൊണാൾഡോയും, നെയ്മറുമൊക്കെ നമ്മുടെ മനസുകളെ കീഴടക്കി മുന്നേറുമ്പോൾ അവരുടെ കളിയഴക് മാത്രം അല്ല ജീവിതം കൂടി നമ്മെ പ്രചോദിപ്പിക്കേണ്ടതുണ്ട്.

ബ്രസീലിയൻ തെരുവുകളിൽ ഷൂ പോളിഷ് ചെയ്ത് നടന്ന ബാലൻ പിന്നീട് ഫുട്ബോൾ ഇതിഹാസമായി മാറിയ പെലെയും ഓട്ടിസം ബാധിച്ച കാലുകളുമായി വിധിയെ പോലും തോൽപ്പിച്ച മെസ്സിയും പഠിക്കാൻ കഴിവില്ല എന്ന് പറഞ്ഞ് തന്നെ ഇറക്കിവിട്ട സ്കൂളിൽ തിരികെയെത്തി, നഷ്ടത്തിലായ ആ സ്കൂൾ തന്നെ വിലയ്ക്ക് വാങ്ങിച്ച് ഇതിഹാസം കുറിച്ച റൊണാൾഡോയും ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് ലോക ജനതയുടെ മനസ്സിൽ ഇടം നേടിയ നെയ്മറും യുവത്വത്തിന് മുൻപിൽ വച്ച് നീട്ടുന്നത് പ്രതീക്ഷയുടെ പുത്തൻ തിരിനാളങ്ങളാണ്. നാളെയുടെ വാഗ്ദാനങ്ങൾ ആകുവാൻ നമുക്കും സാധിക്കുമെന്ന തിരിച്ചറിവ്.

ക്രിസ്തീയ വിശ്വാസം എങ്ങനെ മറ്റുള്ളവരിലേക്ക് പകർന്നു നൽകണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ കാൽപന്തുകളിയുടെ മൈതാനങ്ങൾ നമുക്ക് കാട്ടി തരുന്നത്.

ഫുട്ബോളിന്റെ ലോകപ്പെരുമയും പേറി വന്ന കാനറിപ്പട. ബ്രസീലിയൻ ടീമിലെ സൂപ്പർതാരം നെയ്മറിന് പരിക്കേറ്റ് പുറത്ത് പോയപ്പോൾ അദ്ദേഹം തന്റെ ഇൻസ്റ്റാഗ്രാമിൽ കുറിച്ചത് ഇപ്രകാരമാണ്. 'വീണാലും ഞാൻ മടങ്ങിവരും ആർക്കും തടുക്കാനാവാത്ത ദൈവത്തിന്റെ മകനാണ് ഞാൻ.'

മൈതാനത്ത് മുട്ടുകുത്തി നിന്ന് ക്രിസ്തുവിന് നന്ദി പറയുന്ന ഇക്വഡോർ ടീമിനെയും പരിശീലന വേളയിൽ ജപമാല ചൊല്ലുന്ന ബ്രസീലിയൻ കോച്ച് ടിറ്റെയും ഒക്കെ കാണുമ്പോൾ ക്രിസ്തുസുവിശേഷത്തിന്റെ വലിയ സന്തോഷം മറ്റുള്ളവരിലേക്ക് എങ്ങനെ പകർന്നുനൽകാം എന്നതിന്റെ ഉത്തമ ഉദ്ദാഹരണങ്ങളാണ് ഇവർ നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

www.malankaralibrary.com

ആധുനികതയുടെ സൈബർ ഇടങ്ങളിലെ വലിയ സാധ്യതകളെ മനസ്സിലാക്കി നമ്മുടെ യുവതലമുറ വളരെ വേഗം മുന്നോട്ടു നീങ്ങുന്നു. പക്ഷേ ജീവിത വ്യഗ്രതയുടെ ഓട്ടപ്പാച്ചിലിന്റെ ഇടയിൽ നമ്മുടെ വിശ്വാസ ജീവിതത്തിന് പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ കോട്ടം തട്ടുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടി ഇരിക്കുന്നു. എന്നാൽ തന്നെയും നമ്മുടെയിടയിൽ നിന്നും വിശുദ്ധരുടെ ഗണത്തിലേക്ക് അനേകം പേർ വരുന്നു എന്നത് നാം ഓരോരുത്തർക്കും അഭിമാനവും സന്തോഷവും നൽകുന്നതാണ്. വാഴ്ത്തപ്പെട്ട കാർലോ അകുിറ്റസിനെപോലെ ഈ നൂറ്റാണ്ടിനെ വിശുദ്ധരാകുവാൻ ദൈവം പ്രത്യേകമായി നമ്മെ വിളിക്കുന്നു. നമ്മെപ്പോലെ ഈ സൈബർ യുഗത്തിന്റെ സാധ്യതകളെ മനസ്സിലാക്കി ക്രിസ്തുവിലേക്ക് ഒരുപാട് പേരെ ചേർത്ത് നിർത്തുവാൻ അകുിറ്റസിന്റെ ജീവിതം നമ്മെയും ഏറെ പ്രചോദിപ്പിക്കുന്നു

ഇന്നിന്റെ സാധ്യതകളെ മനസ്സിലാക്കി, നമ്മുടെ വിശ്വാസം മറ്റുള്ളവരിലേക്ക് പകർന്നുനൽകുവാൻ, നാമായിരിക്കുന്ന ഇടങ്ങളിലും നാം പോകുന്ന സ്ഥലങ്ങളിലൊക്കെയും ക്രിസ്തുവിനെ അറിയാത്ത അനേകം പേർക്ക് ക്രിസ്തുവിന്റെ സന്തോഷം പകർന്നുനൽകുവാൻ നമ്മുടെ യുവത്വത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു...

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



**തി**രിച്ചറിവുകൾ അന്യമാകുന്ന ഈ ലോകത്ത് കാലത്തിനൊപ്പം നടക്കാൻ യുവജനങ്ങളുടെ കരുത്ത് കൂടിയേതീരൂ. ക്രിസ്തുവിന്റെ കരം പിടിച്ച് അവന്റെ ചിന്തകളോടും പ്രവർത്തികളോടും കൂടെ ക്രിസ്തു ശിഷ്യത്വം സമൂഹത്തിന് കൊടുക്കാൻ വിളിക്കപ്പെട്ടവരാണ് ഈ കാലഘട്ടത്തിന്റെ യുവജനങ്ങൾ. മാറ്റിനിർത്തപ്പെട്ട ഒരു സമൂഹത്തിനുവേണ്ടി നമ്മൾ പോരാടുന്നതിനേക്കാൾ നമുക്കൊപ്പം ഉള്ളവരുടെ സന്തോഷത്തിനും സ്നേഹത്തിനും വേണ്ടി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കുമ്പോഴാണ് ക്രിസ്തുവിലേക്ക് അവരെ ഒന്നിച്ചു കൊണ്ടുവരുവാൻ നമുക്ക് കഴിയുന്നത്. വിശാലമായ ജീവിത സാഹചര്യങ്ങൾ പരിമിതമായ ചിന്തകളിലേക്കും അതിലപ്പുറം സാങ്കേതികവിദ്യയുടെ അതിപ്രസരത്തിലേക്ക് നമ്മെ നയിക്കുമ്പോൾ നമുക്ക് പറയാൻ വിശ്വാസത്തിന്റെ പൊരുളുണ്ടാകണം തീക്ഷ്ണതയുടെ ഒരു ശബ്ദം ഉണ്ടാകണം മാറ്റമുള്ള ചിന്തകൾ ഉണ്ടാകണം. നമ്മുടെ യാത്രയുടെ കരുത്തും ശക്തിയും കൂട്ടായ്മയുടെ പങ്കുവയ്പ്പായിതീരട്ടെ. 2022 വർഷം നമുക്ക് നൽകിയ നല്ല സ്മരണകളെ ഓർത്തുകൊണ്ട് നല്ല ഒരു നോമ്പുകാലം ആശംസിക്കുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്



www.malankaralibrary.com




# പുൽക്കൂട് നൽകുന്ന സന്ദേശം


**“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!”**
(ലൂക്ക 2:14)



**ജിതിൻ ഷാജി**
പ്രസിഡന്റ്
മാവേലിക്കര ഭദ്രാസനം

മഞ്ഞണിഞ്ഞ ബേത്ലെഹെം മലഞ്ചെരിവുകളിൽ തണുപ്പേറ്റിരുന്ന ഇടയന്മാർക്ക് മാലാഖമാർ നൽകിയ സന്ദേശം. മാലാഖമാരുടെ സന്തോഷദൂത് കിട്ടിയ ഇടയന്മാർ പരസ്പരം പറഞ്ഞു: നമുക്ക് ബേത്ലെഹെം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം. അങ്ങനെ മനുഷ്യനായി പിറന്ന ദൈവപുത്രനെ അവർ നേരിട്ട് കണ്ടു. എന്തുകൊണ്ടും അനുയോജ്യർ അവർ തന്നെയായിരുന്നു. സ്വന്തം ആടുകൾക്ക് രാവേറെയും കാവലായിരുന്നവർ... അവരുടെ ഉറങ്ങാത്ത കണ്ണുകളുടെയും അടയാത്ത കാതുകളുടെയും ജാഗ്രതയ്ക്ക് കിട്ടിയ

www.malankaralibrary.com



ഇടയന്മാർ മാത്രമായിരുന്നു. പക്ഷെ ആ പുൽക്കൂട് അവരെ അപ്പസ്തോലന്മാർക്ക് സമന്മാരാക്കി.

രക്ഷകന്റെ ജനനത്തെ അറിയിച്ചുകൊണ്ടുള്ള ആ ശോഭയുള്ള നക്ഷത്രം കിഴക്കിന്റെ ജ്ഞാനികളെ അവരുടെ രാജാവിന്റെ അടുത്തേക്ക് നയിച്ചു. കാലത്തിന്റെ സൂചനകളെ തിരിച്ചറിയുന്നവർ... ദൈവം കാണിക്കുന്ന സൂചനകൾക്കനുസരിച്ച് ജീവിതയാത്രകൾ ക്രമപ്പെടുത്തുന്നവർ .... അതേ... അവർ തന്നെയാണ് ജ്ഞാനികൾ... അത്തരക്കാർക്ക് മുമ്പിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾ തെളിയും. പിന്നീട് അവർ സ്വയം നക്ഷത്രങ്ങളായി മാറും. അവർക്ക് തിരിച്ചറിവുകൾ ലഭ്യമാകും. പണിതുയർത്തപ്പെട്ട കൊട്ടാരങ്ങളിലല്ല ദൈവത്തിന്റെ വാസം എന്ന തിരിച്ചറിവ്. പുൽത്തൊട്ടിയിൽ കിടക്കുന്നവൻ രാജാവാണെന്ന് തിരിച്ചറിവ്. പൊന്നും മീറയും കുന്തിരിക്കവും അവനുള്ളതാണെന്നുള്ള തിരിച്ചറിവ്. അവരുടെ കൈയിൽ ഉണ്ടായിരുന്നവ ആ പുൽക്കൂട്ടിൽ തങ്ങളുടെ രക്ഷകനായി കാഴ്ചവയ്ക്കുന്നു. സ്നേഹിക്കാതെ കൊടുക്കാം എന്നാൽ കൊടുക്കാതെ സ്നേഹിക്കാൻ കഴിയില്ല. വിനോദത്തിനും ഉല്ലാസത്തിനും ഹ്രസ്വകാല ആഘോഷങ്ങൾക്കുമിടയിൽ പലർക്കും ക്രിസ്തുമസിന്റെ യഥാർത്ഥ ലക്ഷ്യവും ദരിദ്രരോടും അടിച്ചമർത്തപ്പെട്ടവരോടുമുള്ള ദൈവത്തിന്റെ സ്നേഹവും മറക്കാൻ കഴിയും. പ്രത്യാശയും സ്നേഹവും വെളിച്ചവും ജീവിതവും ഉള്ളിടത്ത് ദൈവത്തിന്റെ പദ്ധതിയും ലക്ഷ്യവും എത്തിച്ചേരും എന്നതു തന്നെയാണ് പുൽക്കൂട് നൽകുന്ന സന്ദേശം.

പ്രതിഫലമായിരുന്നത്. അറിവുകൊണ്ടും സമ്പത്തുകൊണ്ടും സ്വാധീനം കൊണ്ടും പ്രബലന്മാർ ഉള്ള നാട്ടിൽ ദൈവം തിരഞ്ഞെടുത്തത് ലോകത്തിനു മുന്നിൽ വിനീതരും നിസ്സാരരുമായ ആട്ടിടയന്മാരെയാണ്. ദൈവിക പദ്ധതിയിലെ ഈ വൈരുദ്ധ്യത്തിന് കാരണം വി. പൗലോസ് വ്യക്തമാക്കുന്നു. 'വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷൻമാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരഞ്ഞെടുത്തു'.(1 കോറി 1: 27,28).

ഇടയ സന്ദർശനം അവസാനിക്കുന്നത് മഹത്തായ ഒരു സാക്ഷ്യം പറച്ചിലിലാണ്. 'അനന്തരം, ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു.' (ലൂക്ക 2:17). പുൽക്കൂടിലേക്കുള്ള യാത്രയിൽ അവർ കേവലം

**"വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷൻമാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരഞ്ഞെടുത്തു"**

(1 കോറി 1: 27,28).

www.malankaralibrary.com




# യുവതലമുറ – സഭയിലും സമൂഹത്തിലും



**സ്നേഹ യോഹന്നാൻ**
ട്രഷറർ
സീതത്തോട് വൈദിക ജില്ല
പത്തനംതിട്ട ഭദ്രാസനം

സഭയുടെ നട്ടെല്ലും സമൂഹത്തിന്റെ ഭാവിയുമാണ് യുവജനങ്ങൾ. ഏതൊരു സമൂഹത്തിന്റെയും സഭയുടെയും ഏറ്റവും അനിവാര്യവും ഊർജ്ജവും ചാലകശക്തിയും യുവജനങ്ങളാണ്. സമൂഹത്തിന്റെ നന്മയിലും സഭയുടെ വളർച്ചയിലും അവരുടെ പങ്ക് നിസ്തുലമാണ്. സഭയിലും സമൂഹത്തിലും തങ്ങളുടെ കർത്തവ്യങ്ങൾ ഫലപ്രദമായി നിർവഹിക്കുവാൻ ദൈവം യുവജനങ്ങളുടെ കൈകളിൽ എല്ലാ ശക്തിയും നിക്ഷിപ്തമാക്കിയിരിക്കുന്നു. കാലഹരണപ്പെട്ട ആശയങ്ങളിൽ കുടുങ്ങിപ്പോവാതെ, സഭയുടെയും സമൂഹത്തിന്റെയും വിഷയങ്ങൾക്കും സാഹചര്യത്തിനും അനുസരിച്ച് പുത്തൻ വീക്ഷണവും അവരുടേതായ കാഴ്ചപ്പാടുകളും നൽകാൻ യുവതലമുറയ്ക്ക് സാധിക്കണം.

www.malankaralibrary.com



യുവജനങ്ങൾ സഭയുടെ വളരെ സുപ്രധാനമായ ഘടകമാണ്. യുവാവായ യേശു ക്രിസ്തുവിന്റെ ജീവിതം മുൻനിർത്തി സഭയുടെ ആത്മീയതലങ്ങളിലും ഭൗതീകതലങ്ങളിലും തങ്ങളുടേതായ മൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് കർമ്മപദങ്ങളിലേക്ക് ഇറങ്ങിവരാൻ തയ്യാറാകണം. ദൈവം വിളിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്ത നമ്മൾ തങ്ങളുടെ കൃപാവരങ്ങൾ അറിഞ്ഞു സഭയുടെ വളർച്ചക്കായി അത് ഉപയോഗിക്കണം. സഭകളിലെ സന്ദർശകരും കാഴ്ച്ചക്കാരുമായി ഒതുങ്ങാതെ തങ്ങൾ ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമാണ് എന്ന് ചിന്തിക്കണം. ജീവിതത്തിന്റെ ഏറ്റവും സുന്ദരമായ യൗവനജീവിതം ദൈവത്തിനു കൊടുക്കുമെന്നത് ഒരു ഭാഗ്യമായി യുവതലമുറ നോക്കിക്കാണണം. യുവമനസുകൾ ദൈവത്തെക്കുറിച്ചും സഭയെക്കുറിച്ചും ആത്മീയതയെക്കുറിച്ചും മറ്റുള്ളവരിലേക്ക് എത്തിക്കുവാനുള്ള വിവരവിനിമയത്തിനുള്ള ഉത്തമ പാത്രങ്ങളാണ്.

സമൂഹത്തിന്റെ ഗതിയെ മാറ്റി മറിക്കുന്നവരും സമൂഹത്തെ നന്മയുടെ പാതയിലേക്ക് നയിക്കുന്നവരുമാണ് യുവജനങ്ങൾ. നമ്മുടെ സമൂഹത്തിന്റെ നിലവിലെ അവസ്ഥയെ പുതുക്കുന്നതിലും സംസ്കാരത്തെയും സമൂഹത്തിലെ എല്ലാ നല്ല മൂല്യങ്ങളെയും വികസന പദ്ധതികളെയും നിലനിർത്തുന്നതിലും യുവജങ്ങൾ ഒരു വലിയ പങ്കുവഹിക്കുന്നു. സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു തങ്ങളുടേതായ ആശയങ്ങൾ സംഭാവന ചെയ്യുകയും മറ്റുള്ളവരുടെ ജീവിതത്തിൽ വെളിച്ചം വീശുകയും അതുപോലെ ഒരു കഴിവുള്ള നേതാവായി മാറുവാനും യുവതലമുറ മുന്നിട്ടിറങ്ങണം. നമ്മുടെ സമൂഹത്തിൽ ക്രിയാത്മകമായി എന്തെങ്കിലും സംഭവിക്കണമെങ്കിൽ അതിലും യുവതലമുറയുടെ കൈപാടുകൾ ഒളിഞ്ഞു കിടപ്പുണ്ടാകും. സമൂഹത്തെ കൈപിടിച്ചുയർത്തുന്നത് നമ്മുടെ യുവജനങ്ങൾ തന്നെയാണ്. സാമൂഹിക പരിഷ്കരണങ്ങളും സമൂഹത്തിൽ പുരോഗതിയും കൊണ്ടുവരാനുള്ള കഴിവും സമൂഹത്തെ മാറ്റുവാനുള്ള മനസും അവർ വളർത്തിയെടുക്കണം.

ലഹരിയിലും അസാൻമാർഗികതയിലും മുങ്ങി നമ്മുടെ യുവത്വം നശിക്കുമ്പോൾ അത് സമൂഹവും സഭയും നശിക്കുന്നതും തളർത്തുന്നതും പോലെയാണ്. ആരോഗ്യ-വിദ്യാഭ്യാസ-ശാസ്ത്ര-സാങ്കേതിക- ജീവകാരുണ്യ രംഗങ്ങൾ ആത്മീയ ധാർമിക മണ്ഡലങ്ങൾ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ യുവതലമുറ തയ്യാറാകണം. സമൂഹത്തിലും സഭയിലും നടക്കുന്ന സംഭവവികാസങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാതെ ആത്മാർത്ഥയോടെ ഇടപെടാൻ യുവജനങ്ങൾ ശ്രമിക്കണം.

സമൂഹത്തിനും സഭയ്ക്കും നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് യുവതലമുറ സ്വയം ചോദിക്കേണ്ടതായുണ്ട്. സമൂഹത്തിൽ നിന്നും സഭയിൽ നിന്നും തനിക്കു ചുറ്റും ഒരു വലയം തീർത്ത് അതിനകത്തു ചുരുണ്ടു കൂടി കിടക്കാതെ സമൂഹത്തിനും സഭയ്ക്കും ഉപയോഗപ്പെടുന്നവരായി യുവജനങ്ങൾക്കു തങ്ങളുടെ ശക്തിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കട്ടെ.

www.malankaralibrary.com



# Youth of Today



**Lijo Jacob**
*General Secretary, MCYM*
*Puttur Diocese*

Our society has some customed concepts and ideologies which is constantly the advice factory to the present day youths. Are these concepts and ideologies still helping and build a fruitful future to them? Or these have to be pulled away and replaced with new ones? Or these have to be modified?

Unfortunately, the answer is complicated or rather, there is no straight answer. In practical sense, the ideologies have to be analysed on the basis of the reality. To understand the reality, the detailed study of past and present mankind and society should be made.

www.malankaralibrary.com




For example, Young people are commonly advised to set a goal in life and achieve it. On analysation it arouses several queries.

What are the standards to set a goal?

Whether the goal limits the true potential of the individual?

What's after achieving it?

Whether the goal compromise with humanitarian values and morality?

Whether the goal compromises with the valuable relationships?

If the answers are unsatisfactory, then the convention must go through for the change.

The individual shall setup an idea, take it as passion and live with it until his last day. This lifestyle makes individual more creative, focused and potential. He shall create his own world and spot a mark in history. Also his work may make the world into a better place for living. If his chosen job is his passion, then the words 'struggle','pain' and 'hardwork' would find no meaning in his life.

The society oftenly fits the youths into future. It only cares to look into their maturity, growth and behaviour. Their 'present' is unrecognised and unvalued. They are the people who could bring a better change. They could easily identify the negatives of habitual ideologies and make the society a habitable arena. Their achievements will uplift the mankind.

Society should provide them more space and opportunities to cherish. Consider their ideas and apply them where it fits. Because they are the youths of today.

www.malankaralibrary.com



# സഭാതലസമിതി

## ആത്മ 2022




എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഭദ്രാസന- വൈദിക ജില്ല/ മേഖല ഡയറക്ടർ, സിസ്റ്റർ ആനിമേറ്റേഴ്സ്, ലേ- ആനിമേറ്റേഴ്സ് എന്നിവർക്കായി 'ആത്മ 2022' എന്ന പേരിൽ ഡയറക്ടേഴ്സ്-ആനിമേറ്റേഴ്സ് മീറ്റ് സംഘടിപ്പിക്കപ്പെടുന്നു.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2022 ഡിസംബർ 13, 14 തീയതികളിലാണ് ആത്മ നടത്തപ്പെടുന്നത്.

എല്ലാ ഭദ്രാസന, ജില്ല/ മേഖലാതല ഡയറക്ടർ, സിസ്റ്റർ ആനിമേറ്റേഴ്സ്, ലേ-ആനിമേറ്റേഴ്സിനെയും 'ആത്മ 2022'ലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

## പത്തനംതിട്ട ഭദ്രാസനം

### ലഹരി വിരുദ്ധ യജ്ഞം തെരുവ് നാടകം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച, മൈലപ്ര ദൈവാലയ അങ്കണത്തിൽ, ഉള്ളന്നൂർ യൂണിറ്റ് തെരുവ് നാടകം അവതരിപ്പിച്ചു. പ്രസ്തുത



തെരുവ് നാടകത്തിൽ കൂടി ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിൽ എത്തിക്കുകയെന്നതായിരുന്നു യുവജന സഭയുടെ ഉദ്ദേശ ലക്ഷ്യം.

### അമ്മയോടൊപ്പം

ജപമാല മാസാചാരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. സംസ്ഥാന സമിതി നടത്തിയ അമ്മയോടൊപ്പം എന്ന ജപമാല പ്രാർത്ഥനാ യജ്ഞത്തിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയും പങ്കെടുത്തു. ഒക്ടോബർ 31 തിങ്കളാഴ്ച്ച വൈകുന്നേരം 7 ന് നടത്തപ്പെട്ട ഓൺലൈൻ ജപമാല പ്രാർത്ഥനയിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രത്യേക നിയോഗമായി സമർപ്പിച്ചു യുവജന സഭാ നേതാക്കൾ പ്രാർത്ഥിച്ചു.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ സൗഹൃദതീരം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അസ്സീസിയൻ സൗഹൃദതീരം നടത്തപ്പെട്ടു. നെയ്യാറ്റിൻകര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ നവംബർ 13, ഞായറാഴ്ച ഉച്ചയ്ക്ക് അടിമലത്തുറ അനിമേഷൻ സെന്ററിൽ വച്ചാണ് നടത്തപ്പെട്ടത്.തുടർന്ന് പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. യൂണിറ്റ്-ജില്ലാ-ഭദ്രാസന ഭാരവാഹികൾ പങ്കെടുത്ത

www.malankaralibrary.com



സൗഹൃദ തീരത്തിൽ യൂണിറ്റ് പ്രസിഡന്റുമാർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. സൗഹൃദത്തിലെ സ്വാതന്ത്ര്യം എന്ന വിഷയം ബഹു. ബിജോയ് ഊരാളിവിള അച്ചൻ കവിതകളിലൂടെ സ്വതസിദ്ധമായ ശൈലിയിൽ യുവജനങ്ങൾക്കായി അവതരിപ്പിച്ചു. കളികളിലൂടെയും പങ്കുവയ്ക്കലിലൂടെയും സൗഹൃദതീരം സ്നേഹ കൂട്ടായ്മയായി മാറി.

അറബിക്കടലിന്റെ ഓളങ്ങൾക്കനുസരിച്ച് ഉയർന്ന യുവത്വത്തിന്റെ താളവും മേളവും അസ്സീസിയൻ സൗഹൃദതീരത്തെ വ്യത്യസ്തമാക്കി. അസ്സീസിയൻ സൗഹൃദതീരത്തിന്റെ ക്രമീകരണങ്ങൾക്ക് ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാലിന്റെയും ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജിന്റെയും നേതൃത്വത്തിലുള്ള ഭദ്രാസന സമിതി അംഗങ്ങൾ നേതൃത്വം നൽകി. ഭദ്രാസന അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, ജില്ലാ ഡയറക്ടർമാരായ ഫാ. സേവ്യർ കോണത്തുവിള, ഫാ. മാത്യു വെട്ടിയോടിത്തടത്തിൽ, ഫാ. ബിജോയ് ഊരാളിവിള, ഫാ. ജോഷ്വ തേനുവിള, സിസ്റ്റർ സീന ജോൺ, സിസ്റ്റർ ജോ മരിയ എന്നിവർ സന്നിഹിതരായിരുന്നു.

## കുവൈറ്റ്

### ഭവന കൂദാശയും താക്കോൽദാനവും



എം.സി.വൈ.എം. കുവൈറ്റിന്റെ 2020-2021 വർഷത്തെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശയും താക്കോൽദാനവും 2022 നവംബർ 11-ാം തീയതി പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് നിർവഹിച്ചു. എം.സി.വൈ.എം. കുവൈറ്റിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന രണ്ടാമത്തെ ഭവനമാണ് നിർമ്മാണം പൂർത്തിയാക്കി നവംബർ 11 ന് കൂദാശ ചെയ്യപ്പെട്ടത്.

പത്തനംതിട്ട ഭദ്രാസന വികാരി ജനറാൾ റൈറ്റ്. റവ. മോൺ. ഷാജി മാണികുളം, റവ. ഫാ. വർഗീസ് വിളയിൽ, റവ. ഫാ. ജോൺസൺ പാറക്കൽ, റവ. ഫാ. സ്കോട്ട് സ്ലീബാ പുളിമുട്ടിൽ, ശ്രീ. സാമുവൽ മണ്ണിൽ, എം.സി.വൈ.എം. കുവൈറ്റ്അംഗം ശ്രീ. സജോ ജോൺ എന്നിവർ സന്നിഹിതരായിരുന്നു.

### എം.സി.വൈ. എം. കുവൈറ്റ് - പിക്നിക്കും വാർഷിക ജനറൽബോഡി മീറ്റിംഗും



എം.സി.വൈ.എം. കുവൈറ്റിന്റെ 2022 വർഷത്തെ പിക്നിക്കും വാർഷിക ജനറൽ ബോഡി മീറ്റിംഗും നവംബർ 17, 18 തീയതികളിൽ കബ്ദിൽ വച്ച് സംഘടിപ്പിച്ചു. നവംബർ 17-ാം തീയതി വൈകിട്ട് 7 മണിക്കാരംഭിച്ച പരിപാടികൾക്ക് പ്രാർത്ഥനയോടെ തുടക്കം കുറിച്ചു. തുടർന്ന് സംഗീത സന്ധ്യ, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

നവംബർ 18-ാം തീയതി എം.സി.വൈ.എം. പ്രസിഡന്റ് ശ്രീ. നോബിൻ ഫിലിപ്പിന്റെ അധ്യക്ഷതയിൽ നടന്ന വാർഷിക പൊതുയോഗത്തിൽ എം.സി.വൈ. എം. കുവൈറ്റിന്റെ 2022 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസാക്കി. തുടർന്ന് പൊതുയോഗം 2023 വർഷത്തെ കമ്മിറ്റി അംഗങ്ങളെ ഇലക്ഷനിലൂടെ തെരഞ്ഞെടുത്തു .

എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ജോൺ തുണ്ടിയത്, കെ.എം.ആർ.എം. പ്രസിഡന്റ് ശ്രീ. ജോസഫ് കെ. ഡാനിയേൽ, കെ.എം.ആർ.എം. ജനറൽ സെക്രട്ടറി ശ്രീ. മാത്യു കോശി, കെ.എം.ആർ.എം. ട്രഷറർ ശ്രീ. ജിമ്മി എബ്രഹാം, എം.സി.വൈ. എം. പ്രസിന്റ് ശ്രീ. നോബിൻ ഫിലിപ്പ്, സെക്രട്ടറി ശ്രീ. ജയിംസ് കെ. എസ്, ട്രഷറർ ശ്രീ. ഫിനോ മാത്യു പാട്രിക് എന്നിവർ സന്നിഹിതരായിരുന്നു.

രണ്ടുദിവസം നീണ്ടുനിന്ന ക്യാമ്പിൽ നവംബർ 18 വൈകിട്ടോടെ സമാപിച്ചു. 60 യുവജനങ്ങൾ പരിപാടികളിൽ പങ്കെടുത്തു.